വീടില്ലാത്ത ആദിവാസികൾക്ക് വീട് നൽകാൻ പദ്ധതി

84 [1684] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ്-പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വീടില്ലാത്ത എത്ര ആദിവാസികൾ ഉണ്ട്;

(ബി) ഇവർക്കെല്ലാം വീട് നൽകാൻ എന്തെങ്കിലും പദ്ധതി ഇപ്പോഴുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വീടില്ലാത്ത ഏകദേശം 30,000 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്.

(ബി) ഉണ്ട്.

(സി) രണ്ടായിരമാണ്ടോടെ ഭവനരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീടുകൾ വച്ചു നൽകുന്ന ഒരു പദ്ധതി സർക്കാരിന്റെ പതിനഞ്ചിന പരിപാടിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നുണ്ട്. 1995-96 മുതൽ 1999-2000 വർഷം വരെ 5 വർഷങ്ങളിലായി ഭവനരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് നിർമ്മിച്ച് നൽകാനാണ് ഉദ്ദേശിക്കുന്നത്. ടി പദ്ധതിയിൽ നടപ്പുവർഷത്തിൽ 1060 വീടുകൾ കൂടുതലായി നിർമ്മിക്കുന്നതിന് 230.98 ലക്ഷം രൂപ കൂടുതലായി അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പുവർഷത്തിൽ 2500 വീടുകൾ പൂർത്തിയാക്കി വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പട്ടികവർഗ്ഗ വികസന വകുപ്പും മറ്റു വകുപ്പുകളും കൂടി ഓരോ വർഷവും 5000 വീടുകൾ വീതം നിർമ്മിച്ചു നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

പട്ടികജാതിക്കാരായ കുട്ടികൾക്കായി മോഡൽ റസിഡൻഷ്യൽ സ്കൂൾ

85 [1686] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ്-പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി, വയനാട് ജില്ലകളിൽ പട്ടികജാതിക്കാരായ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നു മുതൽ എന്ന് വ്യക്തമാക്കുമോ;

(സി) ഓരോന്നിലും എത്ര പേർ വീതം പഠിക്കുന്നുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇടുക്കി, വയനാട് ജില്ലകളിൽ പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് മാത്രമായി മോഡൽ റസിഡൻഷ്യൽ സ്കൂളുകളൊന്നും ആരംഭിച്ചിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly